**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2030** **05-02-2026-ൽ മറുപടിയ്ക്ക്**

## <u>എസ്.ഐ.ആർ.നടപടികൾ.</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** എസ്.ഐ.ആർ. നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ വില്ലേജ് ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കാൻ തീരുമാനിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും വാർത്താക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 26.12.2025 തീയതിയിലെ സ.ഉ. (കൈ) നം.203/2025/ജിഎഡി നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത കുറിപ്പിലെ എന്തെല്ലാം പ്രഖ്യാപനങ്ങളാണ് നടപ്പായത്; ഹെൽപ്പ് ഡെസ്കുകളുടെ പ്രവർത്തനത്തിനായി ജില്ലാ കളക്ടർമാർ ജീവനക്കാരെ നിയോഗിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കരട് വോട്ടർപട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരുടെ പേര് വിവരങ്ങൾ ചേർക്കുന്നതിനാവശ്യമായ സഹായങ്ങൾ ഹെൽപ്പ് ഡെസ്കുകളിൽ നൽകിവരുന്നുണ്ട്.

**(സി)** എസ്.ഐ.ആർ. ഹിയറിങ് നടപടികൾക്കായി റവന്യൂ വകുപ്പിനു പുറമേ മറ്റുവകുപ്പുകളിലെ ജീവനക്കാരെ കൂടി നിയോഗിക്കാൻ നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഹെൽപ്പ് ഡെസ്ക്കുകളിൽ പൊതുജനങ്ങൾക്കാവശ്യമായ സഹായ നിർദ്ദേശങ്ങൾ നല്കുന്നതിനായി രണ്ട് ഉദ്യോഗസ്ഥരെ വീതം താൽക്കാലിക ജോലി ക്രമീകരണ വ്യവസ്ഥയിൽ ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഉന്നതികൾ, മലയോര പ്രദേശങ്ങൾ, തീരദേശമേഖലകൾ, മറ്റ് പിന്നോക്ക പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നേരിട്ടെത്തി അർഹരായവരെ കണ്ടെത്തി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് വില്ലേജ് ഓഫീസർമാരുടെ ആവശ്യപ്രകാരം അംഗൻവാടി വർക്കർമാർ, ആശ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുവാനും അധിക ജീവനക്കാരെ ആവശ്യമുള്ള പക്ഷം ഇതര വകുപ്പുകളിൽ നിന്നും ജീവനക്കാരെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**